# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107** **28.05.2019-ൽ മറുപടിക്ക്**

## അജ്ഞാത ഡ്രോൺ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് ആസ്ഥാനം, പത്മനാഭസ്വാമി ക്ഷേത്രം, വി.എസ്.എസ്.സി. തുടങ്ങി സുരക്ഷിത മേഖലകൾക്ക് മുകളിലൂടെ അജ്ഞാത ഡ്രോണുകൾ പറന്നത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 5 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) രാജ്യത്തെ തന്ത്രപ്രധാന മേഖലകളിൽ റിമോട്ട് നിയന്ത്രിത ചെറുവിമാനം ഉപയോഗിച്ച് ആക്രമണം നടത്താൻ സാധ്യതയുണ്ടെന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സുരക്ഷ ഏജൻസികൾ മുന്നറിയിപ്പ് നൽകിയിരുന്നോ; | (ബി) ഇല്ല. |
| (സി) എങ്കിൽ അനധികൃതമായി ഡ്രോൺ പറത്തുന്നത് കണ്ടുപിടിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) ഡ്രോൺ പറത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും, അവ ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ രഹസ്യരേഖയിലും, സിവിൽ |

ഏവിയേഷൻ ഡയറക്ടർ ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് പുറപ്പെടുവിച്ച രേഖകളിലും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

അനധികൃത ഡ്രോണുകൾ പറത്തുന്നത് കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുള്ളതും, തിരുവനന്തപുരം എയർപോർട്ട്, വി.എസ്.എസ്.സി. തുടങ്ങിയ കേന്ദ്രങ്ങളിലെ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വിവരം കിട്ടുന്ന മുറയ്ക്ക് അറിയിക്കുന്നതിലേക്ക് പ്രസ്തുത സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**